# പത്രവാർത്ത

തിരുവനന്തപുരം ; കോവളത്ത് തിരുവനന്തപുരം സിറ്റി ഷാഡോയുടെ വൻ ഹാഷിഷ് വേട്ട. തിരുവനന്തപുരം പട്ടം പ്ലാമൂട് സ്വദേശി കിച്ചു എന്ന സൂരജ് (21), ആലപ്പുഴ സ്വദേശി സനൂജ് സ്റ്റീഫൻ ( 24 ) , പുനലൂർ സ്വദേശി സജിൻ ജോസഫ് (22) എന്നിവരാണ് തിരുവനന്തപുരം സിറ്റി ഷാഡോ പോലിസിന്റെ പിടിയിലായത്.ഇവരിൽ നിന്നും അന്താരാഷ്ട്ര മാർക്കറ്റിൽ പതിനഞ്ചു് ലക്ഷത്തോളം രൂപ വിലമതിയ്ക്കുന്ന അറുപത് ഗ്രാം ഹാഷിഷ് പിടികൂടി.

ക്രിസ്മസ് –പുതുവത്സര ഘോഷങ്ങൾ പ്രമാണിച്ച് കോവളത്ത് വൻതോതിൽ മയക്ക് മരുന്ന് എത്താൻ സാധ്യത ഉള്ളതായി തിരുവനന്തപുരം സിറ്റി കമ്മിഷണർ പ്രകാശിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ രുപീകരിച്ച പ്രത്യാക ഷാഡോ ടിം ആഴ്ചകളായി ഇവരെ നീരിക്ഷിച്ച് തന്ത്രപരമായാണ് ഇവരെ അറസ്റ്റ് ചെയ്തത്.

ഹിമാചൽ പ്രദേശിലെ മനാലിയിൽ ട്രെയിൻ മാർഗ്ഗം പോയി മയക്ക് മരുന്ന് എജന്റിൽ നിന്നും ഹാഷിഷ് വാങ്ങിയ ശേഷം ആഡംബര ബസുകളിലും ട്രെയിനുകളിലും കോവളത്ത് എത്തിയ ശേഷം വിദേശ സഞ്ചാരികൾക്ക് ഗൈഡുകൾ മുഖാന്തിരവും ഡി.ജെ പാർട്ടികൾക്കും,സ ്കൂൾ കോളെജ് വിദ്യാർത്ഥികൾക്കും ഏജന്റുകൾ മുഖേനയുമാണ് ഇവർ ഹാഷിഷ് കച്ചവടം നടത്തുന്നത് . മനാലിയിൽ ഗ്രാമിന് ആയിരം രൂപയ്ക്ക് ലഭിയ്ക്കുന്ന ഹാഷിഷ് ഗ്രാമിന് പതിനായിരം മുതൽ മുപ്പതിനായിരം രൂപയ്ക്ക് വരെയാണ് ഇവർ കച്ചവടം ചെയ്ത് വന്നിരുന്നത് .ഇവരിൽ സൂരജ് ബൈക്ക് മോഷണ കേസിന് ജയിൽ ശിക്ഷ അനുഭവിച്ചിട്ടു ്. തമിഴ്നാട്ടിലെ പ്രമുഖ എൻജിനിയറിംഗ് കോളേജിലെ വിദ്യാർത്ഥികളാണ് സനൂജും സജിനും. പഠനത്തിന് എന്ന പേരിൽ രക്ഷകർത്താകളിൽ നിന്നും അകന്ന് അന്യസംസ്ഥാനങ്ങളിൽ നില്ക്കുന്ന ഇന്നത്തെ തലമുറ മയക്ക് മരുന്നിന് അടിമകളായി മയക്കുമരുന്ന് കച്ചവടത്തിനും മറ്റും കുറ്റകൃത്യങ്ങളിലും തീരിയുന്നത് ഇന്നത്തെ വലിയ സാമൂഹിക പ്രശ്നമായി തീർന്നിരിക്കുകയാണ് ഇവരെ ചോദ്യം ചെയ്തത്തിൽ കേരളത്തിലെ മയക്ക് മരുന്ന് സംഘങ്ങളെ കുറിച്ച് വ്യക്തമായ വിവരം പോലിസിന് ലഭിച്ചിട്ടു ്.

തിരുവനന്തപുരം സിറ്റി പോലിസ് കമ്മീഷണർ പി.പ്രകാശിന്റെ നിർദ്ദേശ പ്രകാരം ഡിസിപി ജി.ജയദേവിന്റെ മേൽനോട്ടത്തിൽ സ്പെഷ്യൽ ബ്രാഞ്ച് എ സി പ്രമോദ്കുമാർ. എ, കോവളം എസ് ഐ ജി. അജയകുമാർ ,ഷാഡോ എസ് ഐ സുനിൽ ലാൽ, ഷാഡോ എ എസ് ഐ ലഞ്ചു ലാൽ, ഷാഡോ ടിം അംഗങ്ങൾ എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നല്കിയത്.